"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി-ഹിമാചൽ പ്രദേശിൽ സമീപകാലത്തെ മൺസൂണിലെ കനത്ത മഴയെ തുടർന്ന് സംഭവിച്ച നാശനഷ്ടത്തിന്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്**

സ.ഉ.(കൈ) നം.253/2023/RD തീയതി,തിരുവനന്തപുരം, 10-11-2023

---

പരാമർശം:-

1. ബഹു.ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി, ബഹു.കേരള മുഖ്യമന്ത്രിക്ക് അയച്ച 02.08.2023 തീയതിയിലെ, D.O.No.GAD-B(C)17-1/2023 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്

2. ധനകാര്യ വകുപ്പിന്റെ 16.09.2023 തീയതിയിലെ 2547741/FUNDS-1/47/2023-FIN നമ്പർ അനൗദ്യോഗിക കുറിപ്പ് .

**<u>ഉത്തരവ്</u>**

ഹിമാചൽ പ്രദേശിൽ സമീപകാലത്തെ മൺസൂണിൽ മനുഷ്യ ജീവനും സ്വത്തിനും കനത്ത നാശനഷ്ടം സംഭവിച്ചതായും, തുടർന്ന് സംസ്ഥാനം പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നതായും ആയതിന് ധനസഹായം ആവശ്യമാണെന്നും, ഹിമാചൽ പ്രദേശ് സർക്കാർ സംഭാവനകൾ സ്വീകരിക്കുന്നതിനായി 'Aapda Rahat Kosh-2023' ആരംഭിച്ചിട്ടുണ്ടെന്നും, സംഭാവന നൽകുന്നതിനുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദ വിവരങ്ങൾ സഹിതം ബഹു. ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി, ബഹു. കേരള മുഖ്യമന്ത്രിക്ക് പരാമർശം (1) പ്രകാരം കത്ത് നൽകി.

2. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ഹിമാചൽ പ്രദേശിൽ സമീപകാലത്തെ മൺസൂണിൽ മനുഷ്യ ജീവനും സ്വത്തിനും കനത്ത നാശനഷ്ടം ഉണ്ടായ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി ഹിമാചൽ പ്രദേശ് സർക്കാരിന്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും **7,00,00,000/-രൂപ(ഏഴ് കോടി രൂപ മാത്രം)** ധനസഹായം അനുവദിച്ചുകൊണ്ടും പ്രസ്തുത തുക ഹിമാചൽ പ്രദേശ് സർക്കാരിന് നൽകുന്നതിന് ധനകാര്യ വകുപ്പിനെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

2. വിതരണത്തിന് ആവശ്യമായി വരുന്ന **7,00,00,000/- രൂപ (ഏഴ് കോടി രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും ഹിമാചൽ പ്രദേശ് സർക്കാരിന് അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ ഓഫീസർക്ക്
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

റവന്യൂവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
പൊതുഭരണ (എസ്സ് .സി) വകുപ്പ് (08.11.2023 ലെ ഇനം.നം 1865 പ്രകാരം)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
V D Omana
Date: 10-11-2023 15:13:03
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 08-11-2023**

ഫയൽ നം. Rev(DRF-A1)/112/2023/Rev. ഇനം നം: 1865

വിഷയം : റവന്യൂ വകുപ്പ് - ഹിമാചൽ പ്രദേശിൽ സമീപകാലത്തെ മൺസൂണിലെ കനത്ത മഴയിൽ ഉണ്ടായ നാശനഷ്ടത്തിന് ടി സംസ്ഥാനത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം പരിഗണിച്ചു. ഏഴ് കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുവാൻ തീരുമാനിച്ചു. പ്രസ്തുത തുക നൽകുന്നതിന് ധനകാര്യ വകുപ്പിനെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

1865

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : Rev(DRF-A1)/112/2023-Rev |
| 2 | വകുപ്പ് | : റവന്യൂ (ഡിആർഎഫ്-എ) വകുപ്പ് |
| 3 | വിഷയം | : ഹിമാചൽ പ്രദേശിൽ സമീപകാലത്തെ മൺസൂണിലെ കനത്ത മഴയിൽ ഉണ്ടായ നാശനഷ്ടത്തിന് ടി സംസ്ഥാനത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 18.10.2023 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ | : അതെ |
| | (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗ ത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചി ച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : ശ്രീ. എസ്. സാബിർ ഹുസൈൻ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി. ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : 01.11.2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. വേണു. വി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 03.11.2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. കെ.രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 03.11.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 04.11.2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഹിമാചൽ പ്രദേശിൽ സമീപകാലത്തെ മൺസൂൺ സീസണിലെ കനത്ത മഴയെ തുടർന്ന് സംഭവിച്ച നാശനഷ്ടത്തിന് ടി സംസ്ഥാനത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. ബഹു. ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി, ബഹു. കേരള മുഖ്യമന്ത്രിക്ക് അയച്ച അർദ്ധ ഔദ്യോഗിക കത്തിൽ ഹിമാചൽ പ്രദേശിൽ ഉണ്ടായ അഭൂതപൂർവ്വമായ കനത്തമഴയിലും പ്രളയത്തിലും ജീവനും സ്വത്തിനും സംഭവിച്ച നാശനഷ്ടത്തെ കുറിച്ചും, ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനം സ്വീകരിച്ച ആശ്വാസ, പുനരുദ്ധാരണ പ്രവർത്തനങ്ങളെ കുറിച്ചും സംസ്ഥാനം പൂർവ്വസ്ഥിതി യിലാക്കുന്നതിനുള്ള ധനസഹായത്തിന്റെ ആവശ്യകതയെ കുറിച്ചും വിശദീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ സംഭാവനകൾ സ്വീകരിക്കുന്നതിനായി 'Aapda Rahat Kosh-2023' ആരംഭിച്ചിട്ടുണ്ടെന്നും അത്തരത്തിൽ ലഭിക്കുന്ന സംഭാവനകൾ സംസ്ഥാനത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ വലിയൊരു പങ്ക് വഹിക്കുമെന്നും അറിയിച്ചിട്ടുണ്ട്. സംഭാവന നൽകുന്നതിനുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരം നൽകിയിട്ടുണ്ട്.

| Name of the Bank | Branch | Account Number | IFSC Code |
|---|---|---|---|
| HP State Co-op Bank | Chhota Shimla | 40610107381 | HPSC0000406 |
| H.D.F.C .Bank | Chhota Shimla | 99990015041948 | HDFC0004116 |
| StateBank of India | Chhota Shimla | 42088576875 | SBIN0050204 |

3. മേൽ വിഷയം സംബന്ധിച്ച ഫയൽ ചംക്രമണം ചെയ്ത വേളയിൽ ചീഫ് സെക്രട്ടറി താഴെ പറയും പ്രകാരം (നോട്ട് 8) ഫയലിൽ രേഖപ്പെടുത്തി.

“2018 ലെ പ്രകൃതി ദുരന്തത്തിന് ശേഷം ഹിമാചൽ പ്രദേശിൽ നിന്നും 5 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ചിരുന്നു. വിഷയം മന്ത്രിസഭാ യോഗത്തിൽ യുക്തമായ തീരുമാനത്തിനായി സമർപ്പിക്കാവുന്നതാണ്”.

4. മേൽ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

<u>തീരുമാനിക്കേണ്ട വിഷയം</u>

ഹിമാചൽ പ്രദേശിൽ സമീപകാലത്തെ മൺസൂണിലെ മഴയിൽ മനുഷ്യ ജീവനും സ്വത്തിനും കനത്ത നാശനഷ്ടം ഉണ്ടായ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി ഹിമാചൽ പ്രദേശ് സർക്കാരിന്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാമോ? എങ്കിൽ എത്ര തുക? പ്രസ്തുത തുക അനുവദിച്ച് നൽകുന്നതിന് ധനകാര്യ വകുപ്പിനെ ചുമതലപ്പെടുത്താമോ?